**ഭരണഭാഷ – മലയാളം**

**കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്രമം**
(ഹാജർ :ബി.അബ്ദുൽ നാസർ. ഐ.എ.എസ്)

നം. :DCKLM/12472/19/LA6 തീയതി :09/07/2020

വിഷയം : കൊല്ലം ജില്ല – കൊല്ലം താലൂക്കിലെ പെരുമൺ പാലം അപ്രോച്ച് റോഡ് നിർമ്മാണം – ഭൂമി ഏറ്റെടുക്കുന്നത് – ആർ.ആർ.പാക്കേജ് അംഗീകരിച്ച് ഉത്തരവാകുന്നത്–സംബന്ധിച്ച്

വായന :

1. ആർ.ആർ.അഡ്മിനിസ്ട്രേറ്ററുടെ 3/3/20 ലെ കരട് ആർ.ആർ.പാക്കേജ്
2. ലാൻറ് റവന്യൂ കമ്മീഷണറുടെ 15/6/20 ലെ എൽ.ആർ.സി1/16555/20 നമ്പർ കത്ത്

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ പെരുമൺ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി 28/2/18 ലെ സ.ഉ(സാധാ) നം. 354/18/പൊ.മ.വ പ്രകാരം ഭരണാനുമതി ലഭിക്കുകയും പനയം വില്ലേജിൽ ബ്ളോക്ക് 13 ൽ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 14 ആർസ് ഭൂമിയും മൺട്രോത്തുരുത്ത് വില്ലേജിൽ ബ്ളോക്ക് 6 ൽ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട 20.53 ആർസ് ഭൂമിയും (ആകെ 34.53 ആർസ് ഭൂമി) പെരുമൺ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഡയറക്ട്/നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 28/3/18 ലെ റവന്യൂ (ബി)വകുപ്പിൻെറ സ.ഉ(സാധാ)1152/18/ആർ.ഡി ഭരണാനുമതിയും ലഭിച്ച് ഉത്തരവായിരുന്നു. 18/5/18 ലെ DLFC യോഗത്തിൽ നിശ്ചയിച്ച വില 29/6/18 ലെ ജി.ഒ.(ആർ.റ്റി) നം. 2436/18/ആർ.ഡി പ്രകാരം SLEC അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

RFCTLARR ആക്ട് വകുപ്പ് 43(1) പ്രകാരം ജി.ഒ(പി) 590/15/ആർ.ഡി ഉത്തരവ് പ്രകാരം എൽ.എ.ഡെപ്യൂട്ടി കളക്ടറെ അതാത് ജില്ലയിലെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിച്ചിട്ടുള്ളതാണ്. ജി.ഒ.(എം.എസ്) 448/17/ആർ.ഡി തീയതി 29/12/17 പ്രകാരമാണ് പുനരധിവാസ പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ കരട് പാക്കേജ് 7/3/20 തീയതിയിലെ കേരള കൗമുദി ദിനപത്രത്തിലും, പനയം ഗ്രാമപഞ്ചായത്ത് , മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് , ജില്ലാ കളക്ടറുടെ വെബ്സൈറ്റ് എന്നിവയിൽ പരസ്യപ്പെടുത്തുകയും തുടർന്ന് പൊതു വിചാരണ 19/3/20 ൽ പദ്ധതി പ്രദേശത്ത് നടത്തുകയും ചെയ്തിട്ടുണ്ട്.

ഡയറക്ട്/നെഗോഷ്യബിൾ പർച്ചേസ് മുഖേനയാണ് പ്രസ്തുത ഭൂമിയേറ്റെടുപ്പ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. RFCTLARR ആക്ട് 2013 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ ആർ.ആർ. പാക്കേജിൽ ജില്ലാ കളക്ടർക്ക് യുക്തമായ തീരുമാനം കൈകൊള്ളാവുന്നതാണെന്ന നിർദ്ദേശത്തോട് കൂടി ടി പാക്കേജ് സൂചന 2 പ്രകാരം മടക്കിയിട്ടുള്ളതാണ്. പൊതു ആവശ്യത്തിനായി ഭൂമി വിട്ട് നൽകിയവർക്ക് പുനരധിവാസ പാക്കേജിന് അർഹതയുള്ളതിനാൽ അഡ്മിനിസ്ട്രേറ്ററുടെ ഉത്തരവിലെ ശുപാർശ ചെയ്ത പ്രകാരമുള്ള ആനുകൂല്യം ചുവടെ ചേർക്കുന്ന പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

**1.** 18/5/18 ലെ **DLFC** മീറ്റിംഗിൻെറ മിനിറ്റ്സ് പ്രകാരം വീട് പൂർണ്ണമായും നഷ്ടപ്പെട്ടുന്ന ശ്രീമതി. ബിന്ദു, കൃഷ്ണ ഭവൻ, പെരുമൺ പി.ഒ എന്ന കക്ഷിക്ക് ഷിഫ്റ്റിംഗ് ചാർജ്ജായി 50000/- രൂപയും 3 മാസത്തെ വാടകയ്ക്കുള്ള തുകയും.

| ക്രമ നം | പേര് | വാടക കരാർ നം & തീയതി | ഷിഫ്റ്റിംഗ് ചാർജ്ജ് | 3 മാസത്തെ വാടക | ആകെ |
|---|---|---|---|---|---|
| 1. | ശ്രീമതി.ബിന്ദു& ശ്രീ.ഷാജി<br><br>കൃഷ്ണ ഭവൻ<br><br>പെരുമൺ പി.ഒ | 14629<br><br>(6/2/2020) | 50000/- | 3000x3 =<br><br>9000/- | 59000/- |
| | | | | **ആകെ തുക** | **59000/-** |

**2.<u>വാടകക്കാരന് ലഭിക്കുന്ന ആനുകൂല്യങ്ങൾ</u>**

| ക്രമ നം | ബാധിക്കപ്പെടുന്ന വ്യക്തിയുടെ പേര് | കെട്ടിട ഉടമ | കച്ചവടത്തിൻെറ സ്വഭാവം | പുനരധിവാസത്തിനും പുന: സ്ഥാപനത്തിനുമുള്ള ആനുകൂല്യങ്ങൾ<br><br>ജി.ഒ(എം.എസ്) 448/17/ആർ.ഡി തീയതി 29/12/17 പ്രകാരമുള്ള ഘടകങ്ങൾ | തുക |
|---|---|---|---|---|---|
| 1. | ശ്രീ. മധുസൂധനൻ നായർ<br><br>തയ്യിൽ വീട്, പെരുമൺ | ശ്രീ.ബിനു,<br><br>ബി മന്ദിരം, പെരുമൺ,പെരിനാട് | ബാർബർ ഷോപ്പ് | 11 | 200000/- |
| 2. | ശ്രീ.സുരലാൽ,<br><br>വിളയിലഴികത്ത് പെരുമൺ | ശ്രീ.ബിനു,<br><br>ബി മന്ദിരം, പെരുമൺ,പെരിനാട് | സിമെൻറ് കട, പാത്രം വാടകയ്ക്ക് കൊടുക്കുന്ന കട | 11 | 200000/- |
| 3. | ശ്രീ.സുരേഷ് കുമാർ<br><br>സുരേഷ് ഭവൻ, പെരുമൺ | ശ്രീ.ബിനു,<br><br>ബി മന്ദിരം, പെരുമൺ,പെരിനാട് | പലചരക്ക് കട | 11 | 200000/- |

| | | | | | |
|---|---|---|---|---|---|
| 4. | ശ്രീമതി. ഗോമതി,<br><br>വടക്കേ ചെറിയത്ത്, പെരുമൺ | ശ്രീ.അരവിന്ദാക്ഷൻ<br><br>വടക്കേ ചെറിയത്ത് , പെരുമൺ | മുറുക്കാൻ കട | 10 | 50000/- |
| | | | | **ആകെ തുക** | **6,50000/-** |

**3. തൊഴിലാളികൾക്കുള്ള പാക്കേജ്**

| ക്രമ നം. | ബാധിക്കപ്പെടുന്ന വ്യക്തിയുടെ പേര് | കച്ചവടത്തിൻെറ സ്വഭാവം | പുനരധിവാസത്തിനും പുനഃ സ്ഥാപനത്തിനുമുള്ള ആനുകൂല്യങ്ങൾ<br><br>ജി.ഒ(എം.എസ്) 448/17/ആർ.ഡി തീയതി 29/12/17 പ്രകാരമുള്ള ഘടകങ്ങൾ | തുക |
|---|---|---|---|---|
| 1. | ശ്രീ. വിജയൻ പിള്ള<br><br>വിളയിലഴികത്ത്<br><br>പെരുമൺ | സിമെൻറ് കട,<br><br>പാത്രം വാടകയ്ക്ക് കൊടുക്കുന്ന കട | 12 | 36000/- |
| | | | **ആകെ തുക** | **36000/-** |

**4. ജങ്കാർ തൊഴിലാളികൾക്കുള്ള പാക്കേജ്**

| ക്രമ നം | ബാധിക്കപ്പെടുന്ന വ്യക്തിയുടെ പേര് | കച്ചവടത്തി-<br><br>ൻെറ സ്വഭാവം | പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ആനുകൂല്യങ്ങൾ<br><br>ജി.ഒ(എം.എസ്) 448/17/ആർ.ഡി തീയതി29/12/17 പ്രകാരമുള്ള ഘടകങ്ങൾ | തുക |
|---|---|---|---|---|
| 1. | ശ്രീ.ധനപാലൻ<br><br>ധനശ്രീ മന്ദിരം,<br><br>പേഴുംതുരുത്ത്,പെരുമൺ പി.ഒ | ജങ്കാർ | 12 | 36000/- |

| | | | | |
|---|---|---|---|---|
| 2. | ശ്രീ.അശോക് കുമാർ S,<br><br>ഒറ്റ പ്ലാവിള വീട് , പേഴുംതുരുത്ത്,<br><br>പെരുമൺ പി.ഒ | ജങ്കാർ | 12 | 36000/- |
| 3. | ശ്രീ. ശിവപ്രസാദ്,<br><br>ശിവമന്ദിരം, പേഴുംതുരുത്ത് പി.ഒ | ജങ്കാർ | 12 | 36000/- |
| 4. | ശ്രീ.പ്രമോദ്,എസ്,<br><br>സുബ്രഹ്മണ്യ വിലാസം,<br><br>പേഴുംതുരുത്ത് ,<br><br>പെരുമൺ പി.ഒ | ജങ്കാർ | 12 | 36000/- |
| 5. | ശ്രീ.കോമളൻ.റ്റി<br><br>ഗോപ വിലാസം<br><br>കണ്ണാംകാണി,<br><br>മൺട്രോത്തുരുത്ത്<br><br>പട്ടം തുരുത്ത് പി.ഒ | ജങ്കാർ | 12 | 36000/- |
| 6. | ശ്രീ.സുരേഷ് കുമാർ<br><br>ചിത്തിര, പുത്തൻവിള,<br><br>പേഴുംതുരുത്ത്,<br><br>പെരുമൺ പി.ഒ | ജങ്കാർ | 12 | 36000/- |
| | | | **ആകെ തുക** | **216000/-** |

| **ക്രമ നമ്പർ** | **ആകെ തുക** |
|---|---|
| 1 | 59000.00 |
| 2 | 650000.00 |
| 3 | 36000.00 |
| 4 | 216000.00 |
| **ആകെ** | **9,61,000.00** |

അഡ്മിനിസ്ട്രേറ്റർ സമർപ്പിച്ച ആർ .ആർ പാക്കേജ് വിശദമായി പരിശോധിച്ചു.ഭേദഗതികളില്ലാതെ ₹. 961000/-(ഒമ്പത് ലക്ഷത്തി അറുപത്തി ഒന്നായിരം രൂപാ മാത്രം) രൂപയുടെ പുനരധിവാസ പാക്കേജ് അംഗീകരിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. പുനരധിവാസ പാക്കേജിനെ സംബന്ധിച്ച തുടർ നടപടികൾ അഡ്മിനിസ്ട്രേറ്റർ കൈകൊള്ളേണ്ടതാണ്.

പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം പഞ്ചായത്ത്, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, തഹസിൽദാർ എന്നിവരുടെ ഓഫീസുകളിലും , ആ തദ്ദേശപ്രദേശത്ത് പ്രചാരമുള്ള മലയാള പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനും ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും എൽ .എ.നം.1 സ്പെഷ്യൽ തഹസിൽദാറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ജില്ലാ കളക്ടർ

പകർപ്പ് – 1. അഡ്മിനിസ്ട്രേറ്റർ & ഡെപ്യൂട്ടി കളക്ടർ(എൽ.എ)

2. ലാൻറ് അക്വിസിഷൻ ഓഫീസർ, എൽ.എ.നം.1, കൊല്ലം

Signature Not Verified

Digitally signed by B ABDUL NASAR IAS
Date: 2020.07.09 03:25:03 PDT
Reason: Approved